**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2478** **12-10-2021 - ൽ മറുപടിയ്ക്ക്**

**കിൻഫ്രയിലെ ഇന്നവേഷൻ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാക്കനാട് കിൻഫ്ര ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്ററിൽ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കാക്കനാട് കിൻഫ്ര ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്ററിൽ 36 ഏക്കർ ഭൂമി TATA Consultancy Services Ltd. (TCS) ന് ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഏത് ഐ.ടി കമ്പനിയാണ് ഇത് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കാക്കനാട് കിൻഫ്ര ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്ററിൽ 36 ഏക്കർ ഭൂമി TATA Consultancy Services Ltd. (TCS) ന് ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ മുതൽമുടക്ക് എത്രയാണെന്നും സംസ്ഥാന സർക്കാരിന്റെ ഈ സംരംഭത്തിലുള്ള പങ്ക് എന്താണെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതി വഴി 600 കോടിയുടെ മുതൽമുടക്കാണ് ഉദ്ദേശിക്കുന്നത്. 36 ഏക്കർ ഭൂമി പാട്ടവ്യവസ്ഥയിൽ നൽകുകയും അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, പൊതുവായ റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ക്ലസ്റ്ററിൽ കിൻഫ്ര നൽകുന്നത്. |
| (ഡി) | ഈ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ സ്ഥലം ഐ.ടി കമ്പനിക്ക് അനുവദിക്കുന്ന കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ഡി) | 36 ഏക്കർ ഭൂമിയിൽ സ്ഥാപിക്കുന്ന പദ്ധതിക്ക് 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് കിൻഫ്ര ഭൂമി അലോട്ട് ചെയ്തിട്ടുള്ളത്. 30 വർഷം കഴിഞ്ഞ് 5000 രൂപ രജിസ്ട്രേഷൻ ഫീ അടച്ച് അടുത്ത 30 വർഷത്തേക്ക് പാട്ടവ്യവസ്ഥ പുതുക്കാവുന്നതാണ്. ഇത്പ്രകാരം പരമാവധി 90 വർഷം വരെ പാട്ടവ്യവസ്ഥ തുടരാനാകും. അലോട്ട് ചെയ്തിട്ടുള്ള വ്യവസായ ആവശ്യങ്ങൾക്ക് മാത്രമെ ഭൂമി വിനിയോഗിക്കാൻ പാടുള്ളു. |
| (ഇ) | ഈ കാമ്പസ് പൂർണ്ണമായും എപ്പോൾ പ്രവർത്തനക്ഷമമാകുമെന്നും എത്ര തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ഇ) | 5 വർഷക്കാലയളവിനുള്ളിൽ പദ്ധതി ഘട്ടം ഘട്ടമായി വികസിപ്പിക്കാനാണ് TATA Consultancy Services Ltd. വിഭാവനം ചെയ്തിരിക്കുന്നത്. 5 വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എഫ്) | കേരളത്തിലെ മറ്റു ജില്ലകളിൽ വിശിഷ്യ പിന്നോക്കം നിൽക്കുന്ന വടക്കൻ ജില്ലകളിൽ ഇത്തരം | (എഫ്) | അനുയോജ്യമായ ഭൂമിയും നിക്ഷേപം നടത്താൻ സന്നദ്ധരായ സംരംഭകരേയും ലഭ്യമാകുന്ന മുറക്ക് |

| | | | |
|---|---|---|---|
| | കാമ്പസ്സുകൾ സ്ഥാപിക്കാൻ സർക്കാർ മുന്നോട്ട് വരുമോ എന്ന് വ്യക്തമാക്കാമോ? | | ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ